# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ –
# കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ(i/c)ന്റെ നടപടിക്രമം

(ഹാജർ: ശ്രീമതി.നിഷ.എസ്)

വിഷയം: കുടുംബശ്രീ– ആജീവിക ഗ്രാമീൺ എക്സ്പ്രസ്സ് യോജന – മാർഗ്ഗ നിർദ്ദേശം – ഉത്തരവാകുന്നത് – സംബന്ധിച്ച്.

***ORDER No. 6322/ M/2017/KSHO DATED 06..12.2017***

കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻആർഎൽഎം–ന് കീഴിൽ നടപ്പാക്കുന്ന 'ആജീവിക ഗ്രാമീൺ എക്സ്പ്രസ് യോജന' സംസ്ഥാനത്ത് തൃശൂർ ജില്ലയിൽ ഒരു ബ്ലോക്കിലും, പത്തനംതിട്ട ജില്ലയിൽ രണ്ട് ബ്ലോക്കുകളിലും, ഇടുക്കി ജില്ലയിൽ ഒരു ബ്ലോക്കിലും പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ അനുമതി ലഭിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശം (അനുബന്ധം) പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു. പ്രസ്തുത മാർഗ്ഗ നിർദ്ദേശം പ്രകാരം ടി ജില്ലകളിൽ ബന്ധപ്പെട്ട ജില്ലാ മിഷനുകൾ പദ്ധതി നടപ്പാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**എക്സിക്യൂട്ടീവ് ഡയറക്ടർ (i/c)**
**കുടുംബശ്രീ**

1. ബന്ധപ്പെട്ട ജില്ല മിഷൻ കോ–ഓർഡിനേറ്റർമാർക്ക്
2. എൻആർഎൽഎം അക്കൗണ്ട്സ് സെക്ഷൻ

പകർപ്പ്

കരുതൽ/അധികം

# ആജീവിക ഗ്രാമീണ എക്സ്പ്രസ്സ് യോജന

## മാർഗ്ഗനിർദ്ദേശം

**ലക്ഷ്യങ്ങൾ**

യാത്രാ ക്ലേശം നേരിടുന്ന പ്രദേശങ്ങളിൽ യാത്രാ സൗകര്യം എത്തിക്കുക, യാത്രാ സംവിധാനം സിഡിഎസിനുള്ള വരുമാന ഉപാധിയായി മാറ്റുക എന്നീ ലക്ഷ്യങ്ങളോടെ കുടുംബശ്രീ സിഡിഎസ്സുകൾ വഴി എൻആർഎൽഎം–ന് കീഴിൽ നടപ്പാക്കുന്ന പദ്ധതിയാണ് ആജീവിക ഗ്രാമീൺ എക്സ്പ്രസ് യോജന. സുരക്ഷിതവും, മിതമായ ചെലവിലും വിദൂര ഗ്രാമപ്രദേശങ്ങളെ പഞ്ചായത്ത് കേന്ദ്രവുമായി ബന്ധിപ്പിക്കുക, സാമ്പത്തിക ഉന്നമനം കൈവരിക്കുവാൻ സിഡിഎസ്സുകളെ സഹായിക്കുക, സാമൂഹ്യ സംവിധാനം മേൽനോട്ടവും വിശകലനവും നടത്തുന്ന ഗ്രാമീണ യാത്ര സംവിധാനം നടപ്പിലാക്കുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

**പദ്ധതി വിഭാവനം**

ആദ്യപടിയായി പരീക്ഷണാടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ രണ്ട് ബ്ലോക്കുകളും, തൃശൂർ, ഇടുക്കി ജില്ലകളിലെ ഓരോ ബ്ലോക്കുമാണ് ഈ പരിപാടിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. യാത്രാ ക്ലേശം ഏറ്റവും അധികം നേരിടുന്ന സിഡിഎസ്സിന് മുൻഗണന നൽകി, ജില്ലാ മിഷനുകൾക്ക് ഗുണഭോക്തൃ സിഡിഎസ്സിനെ തെരഞ്ഞെടുക്കാവുന്നതാണ്. ഈ പദ്ധതിക്കു കീഴിൽ ഡേ–എൻആർഎൽഎം–ന്റെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട സിഡിഎസ്സുകൾക്ക് കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ടിൽ വാഹനം ഒന്നിന് 6.5 ലക്ഷം രൂപ വീതം അനുവദിക്കാവുന്നതാണ്. ടി തുക സംസ്ഥാന മിഷനിൽ നിന്നും ജില്ലാ മിഷനിലേയ്ക്ക് കൈമാറ്റം ചെയ്യുന്ന എൻആർഎൽഎം ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതും കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് എന്ന ശീർഷകത്തിൽ വകയിരുത്തേണ്ടതുമാണ്.

ടി പദ്ധതി പ്രകാരം സിഡിഎസ് തങ്ങൾക്ക് ലഭിക്കുന്ന പ്രത്യേക സിഇഎഫ് ഫണ്ടിൽ (6.5 ലക്ഷം രൂപ) നിന്നും അനുയോജ്യമായ വാഹനം വാങ്ങി, സിഡിഎസ്സിന്റെ ഉടമസ്ഥതയിൽ വാഹനം സൂക്ഷിക്കേണ്ടതാണ്. ടി തുക പര്യാപ്തമല്ലാത്ത പക്ഷം അധികരിക്കുന്ന തുക, സിഡിഎസ് ബാങ്ക് വായ്പ മുഖേനയോ തനത് ഫണ്ടിൽ നിന്നോ കണ്ടെത്തേണ്ടതാണ്. ടി വാഹനം ഒടിക്കുവാൻ ഒരു അയൽക്കൂട്ട അംഗത്തെയോ, അയൽക്കൂട്ടാംഗങ്ങൾ ലഭ്യമല്ലാത്ത പക്ഷം ഒരു അയൽക്കൂട്ട കുടുംബാംഗത്തെയോ സിഡിഎസ് കണ്ടെത്തേണ്ടതാണ്. ടി വാഹനം ഓടിക്കേണ്ട റൂട്ട് തീരുമാനിക്കേണ്ടതും, ആവശ്യമായ ലൈസൻസ്സുകൾ പഞ്ചായത്തിൽ നിന്നും മറ്റു സ്ഥാപനങ്ങളിൽ നിന്നും നേടിയെടുക്കേണ്ടതും

സിഡിഎസ്സിന്റെ ചുമതലയാണ്. പദ്ധതി നടപ്പിലാക്കുന്നതിനായി വാഹനം ഒരു നിശ്ചിത മാസ വാടകയ്ക്ക് അയൽക്കൂട്ടാംഗത്തിന്/ അയൽക്കൂട്ട കുടുംബാംഗത്തിന് നൽകാവുന്നതോ, അല്ലെങ്കിൽ ഒരു നിശ്ചിത മാസശമ്പളത്തിൽ അയൽക്കൂട്ടാംഗത്തെ/ അയൽക്കൂട്ട കുടുംബാംഗത്തെ സിഡിഎസ്സിന് ഡ്രൈവറായി നിയമിക്കാവുന്നതോ ആണ്. വാടക/ശമ്പളം നിശ്ചയിക്കുമ്പോൾ, പ്രസ്തുത സംരംഭം വിജകരമായി നടപ്പിലാക്കുവാൻ ഉതകുന്ന രീതിയിലും അയൽക്കൂട്ടാംഗത്തിന് / അയൽക്കൂട്ട കുടുംബാംഗത്തിന് ന്യായമായ വരുമാനം ലഭിക്കുന്ന രീതിയിലുമാണ് നിശ്ചയിക്കേണ്ടത്. പരമാവധി 6 വർഷം കൊണ്ട് വാഹനത്തിന്റെ വില വസൂലക്കാൻ സാധിക്കുന്ന രീതിയിൽ ഒരു ബിസിനസ്സ് പ്ലാൻ ജില്ലയിലെ മാർക്കറ്റിംഗ് ഡിപിഎം-മും ബ്ലോക്ക് കോ-ഓർഡിനേറ്ററും സിഡിഎസ്സുമായി കൂടിയാലോചിച്ച് നടപ്പിൽ വരുത്തേണ്ടതാണ്.

വാർഷിക ഇൻഷുറൻസ്, റോഡ് ടാക്സ്, പെർമിറ്റ്, റിപ്പയർ ചെലവുകൾ മുതലായവ നേരത്തെ സിഐഎഫ്/ സിഇഎഫ് ലഭിച്ചിട്ടുണ്ടെങ്കിൽ സിഡിഎസ്സിന് പ്രസ്തുത കോർപ്പസ് / വരുമാനത്തിൽ നിന്നും ചെലവഴിക്കാവുന്നതാണ്. സിഐഎഫ്/ സിഇഎഫ് കോർപ്പസ് / വരുമാനം ലഭ്യമല്ലായെങ്കിൽ, വാഹനത്തിന്റെ വരുമാനത്തിൽ നിന്നോ, പഞ്ചായത്ത് കൺവെർജെൻസിൽ നിന്നും ലഭ്യമാകുന്ന ഫണ്ടിൽ നിന്നോ വിനിയോഗിക്കേണ്ടതാണ്.

വാഹനത്തിന്റെ ദൈനംദിന ചെലവുകൾ മാസവാടകയ്ക്കാണ് നൽകിയിരിക്കുന്നതെങ്കിൽ അയൽക്കൂട്ടാംഗം/ അയൽക്കൂട്ട കുടുംബാംഗവും മറിച്ചാണെങ്കിൽ സിഡിഎസ്സും വഹിക്കേണ്ടതാണ് (ഡീസൽ, ഓയിൽ മുതലായവ).

സിഇഎഫ്-ൽ നിന്നും വാഹനത്തിനായി ഉപയോഗിക്കുന്ന തുക പലിശ ഇല്ലാതെ സിഡിഎസ് സിഇഎഫിലേയ്ക്ക് മാസാമാസം തിരിച്ചടയ്ക്കേണ്ടതാണ്. തുല്യമാസ തവണകളായി പരമാവധി 6 വർഷം കൊണ്ട് മുഴുൻ തുകയും സിഇഎഫ്-ലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്. മുഴുവൻ തുകയും തിരിച്ചടയ്ക്കുന്ന മുറയ്ക്ക് ടി വാഹനത്തിന്റെ പൂർണ ഉടമസ്ഥത സിഡിഎസ്സിന് ലഭിക്കുന്നതായിരിക്കും.

ആജീവിക ഗ്രാമീണ എക്സപ്രസ്സ് യോജന എന്ന പദ്ധതി രാജ്യത്താകമാനം 250 ബ്ലോക്കുകളിലാണ് നടപ്പിലാക്കുന്നത്. കേരളത്തിൽ 4 ബ്ലോക്കുകളാണ് ഇതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. ആയതിന്റെ നടത്തിപ്പ് ചുമതലയ്ക്കായി 4 സിഡിഎസ്സുകളെ ജില്ലാ മിഷൻ കണ്ടെത്തണം. ടി സിഡിഎസ്സുകൾ പദ്ധതിയുടെ നടത്തിപ്പ് ചുമതല ഏറ്റെടുക്കുകയും, അതത് സിഡിഎസ് ഉൾപ്പെടുന്ന ബ്ലോക്ക് മുഴുവനും പ്രയോജനം ലഭിക്കുന്ന വിധത്തിൽ വാഹനത്തിന്റെ റൂട്ടുകൾ നിശ്ചയിക്കേണ്ടതുമാണ്. പരമാവധി ഒരു ബ്ലോക്കിൽ 3 വാഹനം

എന്ന നിലയിൽ ആയിരിക്കും പരീക്ഷാണാടിസ്ഥാനത്തിൽ ഈ പദ്ധതി കേരള ത്തിൽ നടപ്പിലാക്കുന്നത്.

പദ്ധതിക്കായി സിഡിഎസ്സുകളെ തെരഞ്ഞെടുക്കുമ്പോൾ പ്രസ്തുത ബ്ലോക്കിന്റെ പിന്നോക്കാവസ്ഥ, പൊതുഗതാഗത സംവിധാനങ്ങളുടെ അപര്യാപ്തത, പദ്ധതി നടപ്പിലാക്കുവാൻ പഞ്ചായത്തിൽ നിന്നും ലഭിക്കാവുന്ന സഹകരണം, പദ്ധതിയുടെ വിജയസാധ്യത എന്നിവ കണക്കിലെടുക്കണം. വാഹനത്തിന്റെ റൂട്ട് നിശ്ചയിക്കുന്നതിനു മുമ്പ് ഒരു ട്രാഫിക്ക് സർവ്വേ പ്രസ്തുത ബ്ലോക്കുകളിൽ ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ ചെയ്യേണ്ടതാണ്.

ടി വാഹനം ഓപ്പറേറ്റ് ചെയ്യുന്നവർക്ക് നിയമപരമായ ലൈസൻസുകൾ ഉണ്ടായിരിക്കണം. പരമാവധി പ്രായം 50 വയസ്സായിരിക്കണം. പുതിയ വാഹനം ആയിരിക്കണം ഈ പദ്ധതിയ്ക്കായി ഉപയോഗിക്കേണ്ടത്.

**സിഡിഎസ്സിന്റെ ഉത്തരവാദിത്വങ്ങൾ**

1. വാഹനം ഏതാണെന്ന് തെരഞ്ഞെടുക്കൽ
2. വാഹനത്തിന്റെ ദൈനംദിന പ്രവർത്തനം വിലയിരുത്തുക, നിശ്ചയിക്കപ്പെട്ട റൂട്ടിൽ നിശ്ചയിക്കപ്പെട്ട ചാർജ്ജാണ് ഈടാക്കുന്നതെന്ന് ഉറപ്പുവരുത്തുക.
3. വാഹനം നല്ല രീതിയിലും, എല്ലാ പ്രമാണങ്ങളും യഥാവിധി പരിപാലിക്കപ്പെട്ടതുമായ രീതിയിലുമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുക.
4. ഡ്രൈവറുടെ നിയമനം, വേതനം എന്നിവ നിശ്ചയിക്കുക, സ്ത്രീ ഡ്രൈവർമാർക്ക് മുൻഗണന നൽകുക.
5. വാഹനത്തിന്മേലുള്ള വായ്പ (പലിശ രഹിത വായ്പ) ആറ് കൊല്ലത്തിനകം തിരിച്ചടയ്ക്കേണ്ടതാണ്. തുല്യ മാസതവണകൾ ആയിവേണം തിരിച്ചടവ്
6. ഇൻഷുറൻസ്, റോഡ് ടാക്സ്, മെയിന്റിനൻസ്, സർവ്വീസ് ചാർജ്ജ് മുതലായവ സിഡിഎസ്സുകൾ സിഐഎഫ്-ന്റെ പലിശ തുകയിൽ നിന്നും അല്ലെങ്കിൽ പഞ്ചായത്ത്/ മറ്റു സ്ഥാപനങ്ങൾ നൽകുന്ന സംഭാവനയിൽ നിന്നും നിർവ്വഹിക്കണം. സ്കീം കാലാവധിയിൽ ഇതിനായി ഉപയോഗിക്കാവുന്ന തുക 2 ലക്ഷം രൂപയിൽ കവിയരുത്.
7. ഈ സ്കീമിൽ വരുന്ന എല്ലാ വാഹനങ്ങളിലും ആജീവിക ഗ്രാമീൺ എക്സ്പ്രസ്സ് യോജന എന്ന് രേഖപ്പെടുത്തിയിരിക്കണം.
8. വാഹനത്തിന്റെ റൂട്ടും ഓരോ റൂട്ടിലുള്ള ചാർജ്ജും സിഡിഎസ്സിന് നിശ്ചയിക്കാവുന്നതാണ്.

9. മോട്ടോർ വാഹന വകുപ്പിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി യാത്രയ്ക്കും ചരക്കു നീക്കത്തിനുമുള്ള പെർമിറ്റ് എടുത്തിരിക്കണം.
10. വാഹനത്തിൽ നിന്നും ലഭ്യമാകുന്ന ലാഭം, വാഹനത്തിന്റെ അറ്റകുറ്റ പണികൾക്ക് ഉപയോഗിച്ചതിനുശേഷം, സിഡിഎസ് പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

**വിലയിരുത്തൽ സമിതി/ അവലോകനം**

പഞ്ചായത്ത് പ്രസിഡന്റ്, മെമ്പർ സെക്രട്ടറി, സിഡിഎസ് ചെയർപേഴ്സൺ ഡിപിഎം (മാർക്കറ്റിംഗ്), ബ്ലോക്ക് കോ-ഓർഡിനേറ്റർ ഇവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി പദ്ധതിക്കായി രൂപീകരിക്കേണ്ടതും, ഈ കമ്മിറ്റി വാഹനത്തിന്റെ പ്രവർത്തനം മാസംതോറും വിലയിരുത്തേണ്ടതുമാണ്. പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ആവശ്യമെങ്കിൽ തുക കണ്ടെത്തി വാഹനത്തിന്റെ മെയിന്റനൻസ്, ഡ്രൈവറുടെ വേതനം എന്നിവ നിർവ്വഹിക്കാൻ ഈ കമ്മിറ്റി ശ്രമിക്കേണ്ടതാണ്. ഈ വാഹനം മേൽപറഞ്ഞ ആവശ്യത്തിനല്ലാതെ സിഡിഎസ്സോ, തദ്ദേശ സ്വയംഭരണ സ്ഥാപനമോ തങ്ങളുടെ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടുള്ളതല്ല. ഇത് പരിശോധിക്കാനുള്ള ചുമതല ജില്ലാ മിഷന് ഉണ്ടായിരിക്കും. ഓരോ മാസവും ഈ പദ്ധതിയുടെ പ്രവർത്തനം ബ്ലോക്ക് കോ-ഓർഡിനേറ്റർ ഡിപിഎം-നും ഡിപിഎം ജില്ലാ മിഷൻ മുഖേന സംസ്ഥാന മിഷനും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**എക്സിക്യൂട്ടീവ് ഡയറക്ടർ(i/c)**
**കുടുംബശ്രീ**